**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പെരിന്തൽമണ്ണ നഗരസഭ -വള്ളുവനാട് തനിമ -കലാ സാംസ്കാരിക കായിക വികസന പദ്ധതിക്ക് തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിനു സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2380/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, 26/10/2019

---

പരാമർശം:-1. പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറിയുടെ 10/06/2019 ലെ PC1 27510/18 നമ്പർ കത്ത്.

2.നഗരകാര്യ ഡയറക്ടറുടെ 9/8/2019ലെ ഡിസി3-14055/2019 നമ്പർ കത്ത്.

**ഉത്തരവ്**

പെരിന്തൽമണ്ണ നഗരസഭ 2018 -19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ അടങ്കൽ വരുന്ന വള്ളുവനാട് തനിമ എന്ന നൂതന പദ്ധതി തയ്യാറാക്കുകയും മുഴുവൻ വാർഷിക പദ്ധതികൾക്കും ഡി പി സി അംഗീകാരം ലഭിക്കുകയും തുടർന്ന് വെറ്റിങ് നടത്തുന്നതിന് നൂതന കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു .നൂതന കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ആവശ്യമായ മാറ്റങ്ങൾ വരുത്തി പുനഃ സമർപ്പിച്ചുവെങ്കിലും തീവ്ര പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഡി പി സി അംഗീകാരം നിരസിയ്ക്കുകയുണ്ടായി. നഗരസഭ ഈ പദ്ധതിയിൽ പറയുന്ന പ്രവർത്തനങ്ങളിൽ ഒന്നായ വള്ളുവനാട് തനിമ അന്താരാഷ്ട്ര ചലച്ചിത്രോത്സവവും വള്ളുവനാട് തനിമ കലാ പരിശീലനവും ഇതിനോടകം നടത്തിയതിനാൽ കലാ പരിശീലനത്തിനായി ചെലവായ 4,24,680/- രൂപയും അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനായി ചെലവായ 1,72,300 /-രൂപയും തനതുഫണ്ടിൽ നിന്നും കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച നടപടിക്ക് സാധൂകരണം നൽകണമെന്നാവശ്യപ്പെട്ട് പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറി പരാമർശം 1 ലെ കത്ത് പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം 2 പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തയച്ചിരിയ്ക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിന്തൽമണ്ണ നഗരസഭ ഡിപിസി അംഗീകാരം ലഭിയ്ക്കുമെന്ന പ്രതീക്ഷയിൽ 2018-19 സാമ്പത്തിക വർഷത്തിൽ വള്ളുവനാട് തനിമ കലാ സാംസ്കാരിക കായിക വികസന പദ്ധതി പ്രകാരം നടപ്പിലാക്കിയ കലാ പരിശീലനത്തിനായി ചെലവായ 4,24,680/- രൂപയും അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനായി ചെലവായ 1,72,300 /-രൂപയും കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനതുഫണ്ടിൽ നിന്നും അനുവദിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി , പെരിന്തൽമണ്ണ നഗരസഭ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Remedio

സെക്ഷൻ ഓഫീസർ